ഉത്തരം

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ 12 സിനിമാശാലകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഈ സിനിമാശാലകളിൽ നിന്നുള്ള വരുമാനം അനുബന്ധമായി കൊടുക്കുന്നു.*

(ബി) പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തിയേറ്റർ ഒഴികെ ബാക്കി എല്ലാ തിയേറ്ററുകളും ലാഭത്തിലാണ് കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തിച്ചത്.

(സി) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.എഫ്.ഡി.സി.-യുടെ തിരുവനന്തപുരത്തെ കൈരളി, ശ്രീ, കലാഭവൻ എന്നീ തിയേറ്ററുകൾ കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കൈരളി, ശ്രീ എന്നീ തിയേറ്ററുകൾ ചേർത്തല ചിത്രാഞ്ജലി തിയേറ്റർ എന്നിവ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടെ നവീകരണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. ആലപ്പുഴയിൽ രണ്ട് തിയേറ്ററുകൾ അടങ്ങിയ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ഡി) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ ആലപ്പുഴയിൽ പുതിയ രണ്ട് തിയേറ്ററുകൾ ഉടൻ പ്രവർത്തനക്ഷമമാകുന്നതാണ്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്ന ഇടങ്ങളിൽ പി.പി.പി. മാതൃകയിൽ പുതിയ തിയേറ്ററുകൾ പണിയുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.-യുടെ പരിഗണനയിലുണ്ട്.

കലാമൂല്യമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ തിയേറ്ററുകൾ

296 (3118) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥലം ലഭ്യമാക്കുന്ന ഇടങ്ങളിൽ കലാമൂല്യമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനായി തിയേറ്ററുകൾ പണിതുനൽകും എന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരത്തിൽ തീയേറ്ററുകൾ അനുവദിച്ചിട്ടുള്ളത് ;

(ബി) എത്ര സ്ഥലമാണ് ഇത്തരത്തിൽ തിയേറ്റർ ആരംഭിക്കാനായി വേണ്ടത് ;

(സി) ഇങ്ങനെ പണിയുന്ന തിയേറ്ററുകളുടെ ഉടമസ്ഥത ആർക്കായിരിക്കും എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് അനുവദിച്ചതിൽ ഏതെങ്കിലും തിയേറ്ററിന്റെ പണി ആരംഭിച്ചിട്ടുണ്ടോ ; റാന്നി നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും ഇത്തരത്തിൽ തിയേറ്റർ ആരംഭിക്കാൻ നീക്കമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തിയേറ്റർ സമുച്ചയം പണിയുന്നതിന് ഏകദേശം 75 സെന്റിൽ കുറയാത്ത സ്ഥലം ആവശ്യമാണ്.

(സി) തിയേറ്ററുകളുടെ ഉടമസ്ഥത കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനാണ്.

(ഡി) ഇല്ല. റാന്നി നിയോജകമണ്ഡലത്തിൽപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇതിനായി മുന്നോട്ട് വന്നിട്ടില്ല.

കെ.എസ്.ആർ.ടി.സി.

297 (3119) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹിക പ്രതിബദ്ധത നിലനിർത്തിക്കൊണ്ട് സ്വന്തംനിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിലെ ചില ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സ്വകാര്യവത്കരിക്കുകയോ പൂട്ടുകയോ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് പ്രകാരം കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി

LIBRARY ARCHIVES Kerala Legislative Assembly